പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2831 18/06/2018-ൽ മറുപടിക്ക്

## പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കായി നീക്കിവച്ച തസ്തികകൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എൻ. വിജയൻ പിള്ള: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയ സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കായി നീക്കിവച്ച തസ്തികകളിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഇല്ലാത്ത സാഹചര്യത്തിൽ പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ;<br><br>(ബി) പ്രസ്തുത തസ്തികകളിൽ താൽകാലികാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ?. | (എ) യും (ബി) യും സംസ്ഥാനത്ത് ഘട്ടം ഘട്ടമായി ഷിഫ്റ്റ് സമ്പ്രദായം പൂർണ്ണമായും ഒഴിവാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് പുറപ്പെടുവിച്ച 04/06/2010-ലെ സ.ഉ (എം.എസ്) നം. 92/10/പൊ.വി.വ-ലെ നിർദ്ദേശങ്ങളിൽ, കുട്ടികളുടെ എണ്ണം കുറവു വരുന്നതുമൂലം നഷ്ടപ്പെടുന്ന സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ ക്രമീകരിച്ച് ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതാണെന്നും ഇതിനായി ജില്ലയെ ഒരു യൂണിറ്റായി കണക്കാക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. ഇതല്ലാതെ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച് മറ്റ് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന സാഹചര്യം നിലവിലുള്ളതായി വിദ്യാഭ്യാസ ഓഫീസർമാർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. |



സെക്ഷൻ ഓഫീസർ